

# ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണകേന്ദ്രം


രജിസ്റ്റർ നമ്പർ 2557/2002

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471- 2441794

E-mail : aryapallom@gmail.com

Website: www.devakiwarrier.org


**01-04-20 മുതൽ 31-03-2021 വരെയുള്ള**

**പ്രവർത്തന റിപ്പോർട്ട് &**

**1-4- 20 മുതൽ 31-3-2021 വരെയുള്ള**

**വരവ് ചെലവ് കണക്ക്**

**25-12-2020 ൽ നടന്ന 20-ാമത്**

**വാർഷിക ജനറൽ ബോഡിയിൽ**

**അവതരിപ്പിച്ച കരട് റിപ്പോർട്ട്**

# ദേവകി വാര്യർ സ്മാരക സ്ത്രീ
# പഠനശാക്തീകരണകേന്ദ്രം

**രജിസ്റ്റർ നമ്പർ 2557/2002**

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471- 2441794

E-mail : aryapallom@gmail.com | Website: www.devakiwarrier.org

**01-04-20 മുതൽ 31-03-2021 വരെയുള്ള പ്രവർത്തന റിപ്പോർട്ട്**
**& 01-04-20 മുതൽ 31-03-2021 വരെയുള്ള വരവ് ചെലവ് കണക്ക്**
**25-12-2021 ൽ നടന്ന 21-ാമത് വാർഷിക ജനറൽ ബോഡിയിൽ**
**അവതരിപ്പിച്ച കരട് റിപ്പോർട്ട്**

## അനുശോചനം

സംഘടനയുടെ ഉപദേശകസമിതി അംഗവും ദേവകിവാര്യരുടെ ഏകമകനുമായിരുന്ന കൃഷ്ണവാര്യർ 01-06-2021 ൽ നമ്മെ വിട്ടുപിരിയുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ രൂപീകരണം മുതൽ മരണം വരെ എല്ലാ പ്രവർത്തനങ്ങളിലും നമ്മോടൊപ്പം നിന്നിരുന്ന പ്രിയപ്പെട്ട കൃഷ്ണ വാര്യരുടെ അകാല നിര്യാണത്തിൽ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

നെടുമുടി വേണു

വി.ക.ശശിധരൻ

യേശുദാസൻ (കാർട്ടൂണിസ്റ്റ്)

ഡോ. സാവിത്രി

കോഴിക്കോട് ശാരദ

ബിച്ചു തിരുമല

സി.പി.നായർ ഐ.എ.എസ്

ഡോ. എൻ. കൃഷ്ണൻ നായർ

ഇവരുടെയും കോവിഡ് മഹാമാരി മൂലം ഇഹലോകവാസം വെടിഞ്ഞ 54 ലക്ഷം പേരുടെയും പ്രകൃതി ദുരന്തങ്ങളിൽ ജീവൻ

വെടിയേണ്ടിവന്നവരുടേയും, ഹെലികോപ്ടർ ദുരന്തത്തിൽ മരിച്ചുപോയ ധീരജവാന്മാരുടെയും ഓർമ്മക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## പ്രവർത്തനറിപ്പോർട്ട്

20-ാമത് വാർഷിക പൊതുയോഗം 25-12-2020 ൽ ചാലക്കുഴി റോഡിലുള്ള ആഫീസിൽ വച്ച് നടന്നു.

കോവിഡ് പ്രോട്ടോകോൾ പാലിച്ച് 22 പേരാണ് വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തത്.

സജിതാ ഇളമൺ സ്വാഗതം പറഞ്ഞു. കെ. സുഭദ്രാമ്മ അനുശോചന പ്രമേയം അവതരിപ്പിച്ചു. സുഗതകുമാരി ടീച്ചറിന്റെ പ്രത്യേക അനുശോചനം സെക്രട്ടറി അവതരിപ്പിച്ചു.

2018-2020 ലെ പ്രവർത്തനറിപ്പോർട്ട് സെക്രട്ടറി ടി. രാധാമണി ജനറൽബോഡി മുമ്പാകെ വെച്ചു. 2019-2020 ലെ ആഡിറ്റ് ചെയ്ത് ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്ത കണക്കുകൾ ആക്ടിംഗ് ട്രഷറർ വി. ശോഭന അവതരിപ്പിച്ചു.

തുടർന്ന് റിപ്പോർട്ടും കണക്കും അംഗങ്ങൾ വിശദമായ ചർച്ചക്ക് വിധേയമാക്കി. സി.എൻ. ഹേമലത, ഷീല ഡി. കോസ്റ്റ്, ഷാജി എൻ. കരുൺ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്.

സ്നേഹലത : ചെറുപ്പക്കാരെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിക്കണം എന്ന അഭിപ്രായമാണ് പ്രധാനമായി പറഞ്ഞത്

ഷീല ഡി. കോസ്റ്റ : സംഘടനയുടെ പ്രവർത്തനങ്ങളെ പൊതുവെ വിലയിരുത്തിക്കൊണ്ട് സംസാരിച്ചു. സ്തുത്യർഹമായ പ്രവർത്തനമാണ് കമ്മിറ്റിയും അതിലെ ജീവനക്കാരും ചെയ്തുകൊണ്ടിരിക്കുന്നത്. വ്യക്തിപരമായി ഒരുപാട് അടുപ്പം ദേവകി വാര്യരുമായി ഉള്ളതുകൊണ്ട് ഈ സംഘടനയുടെ പ്രവർത്തനത്തിൽ പ്രത്യേക താല്പര്യമുണ്ട്. നിരവധിയായ പാവപ്പെട്ട കാൻസർ രോഗികൾക്ക് വിലമതിക്കാനാവാത്ത സഹായമാണ് ഈ സംഘടനയിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വന്നു താമസിച്ചു ചികിത്സ നടത്തുന്നവരും ചികിത്സ

നടത്തി പോയവരും വളരെ ഊഷ്മളമായ ബന്ധമാണ് ഭാരവാഹികളുമായും ജീവനക്കാരുമായും വെച്ചു പുലർത്തുന്നത്.

ഷാജി എൻ. കരുൺ : ചെറുപ്പക്കാരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. കേന്ദ്രസർക്കാർ / സംസ്ഥാന സർക്കാർ എന്നിവയിൽ സ്ത്രീശാക്തീകരണത്തിനുവേണ്ടി ധാരാളം പണം വകയിരുത്തപ്പെടുന്നുണ്ട്. ഉചിതമായ നല്ല പ്രോജക്ടുകൾ വരാത്തതുകൊണ്ട് പലപ്പോഴും പണം ചെലവാക്കാൻ കഴിയാതെ ലാപ്സായി പോകുകയാണ് ചെയ്യുന്നത്. അത്തരം ഫണ്ട് വാങ്ങിയെടുക്കാൻ ശ്രമിക്കണം.

വിശദമായ ചർച്ചക്കുശേഷം റിപ്പോർട്ടും കണക്കും പൊതുയോഗം അംഗീകരിച്ചു.

## തെരഞ്ഞെടുപ്പ്

ബൈലോ അനുസരിച്ച് തെരഞ്ഞെടപ്പ് നടക്കേണ്ട വർഷമല്ല എങ്കിലും ജോ. സെക്രട്ടറിയായിരുന്ന മെഹറിന്റെ നിര്യാണം മൂലം കമ്മിറ്റിയിൽ ചില മാറ്റങ്ങൾ അനിവാര്യമായി ചെയ്യേണ്ടി വന്നു. ജോയിന്റ് സെക്രട്ടറിയായി ഡോ. ആർ. ബി. രാജലക്ഷ്മിയെ ചുമതല ഏല്പിച്ചു. വൈസ് പ്രസിഡന്റ് സ്ഥാനം എം.എൻ. ശാരദാമ്മക്ക് നല്കി. ആക്ടിംഗ് ട്രഷറർ ആയിരുന്ന വി. ശോഭനയെ ട്രഷറർ ആയി അംഗീകരിച്ചു.

## വാർഷിക പൊതുയോഗം അംഗീകരിച്ച ഭാരവാഹികളുടെ ലിസ്റ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | - | അനസൂയ |
| വൈസ് പ്രസിഡന്റ് | - | എം.എൻ. ശാരദാമ്മ |
| സെക്രട്ടറി | - | രാധാമണി റ്റി. |
| ജോ. സെക്രട്ടറി | - | ഡോ.ആർ.ബി. രാജലക്ഷ്മി |
| ട്രഷറർ | - | വി. ശോഭന |

## കമ്മിറ്റി അംഗങ്ങൾ

1. മൃദുൽ ഈപ്പൻ
2. ജി.കെ. ലളിതകുമാരി
3. ഷീല റൊസാരിയോ
4. മിനിപ്രകാശ്

5. സജിതാ ഇളമൺ
6. കെ.ആർ. ഭാനുമതി
7. പി.എൻ. നാരായണി
8. സി.എൻ ഹേമലത
9. ലക്ഷ്മി ഗിരിധരൻ
10. പി. അംബിക
11. വി.കെ.ശാന്തമ്മ
12 കെ. സുഭദ്ര അമ്മ
13. ആർ. പാർവതി ദേവി

മെഹറിന് പകരം ആരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയില്ല. റിപ്പോർട്ട് കാലയളവിൽ 6 പ്രാവശ്യം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നു. സംഘടനയിലെ ആജീവനാന്ത അംഗങ്ങളുടെ എണ്ണം 142 ആണ്. ശ്രീമതി ബി.എസ്. ജലജകുമാരി, ഷീല ഡി. കോസ്റ്റ എന്നിവരെ ആഡിറ്റർമാരായി തെരഞ്ഞെടുത്തു

സംഘടനയുടെ പേട്രൺ ആയി ശ്രീമതി ടീച്ചർ തുടരും. ഡോ. ജേക്കബ് ഈപ്പനും, ഡി. കൃഷ്ണവാര്യരും ഉപദേശക അംഗങ്ങളായി തുടരും.

നിയുക്ത ജോയിന്റ് സെക്രട്ടറി ഡോ. ആർ.ബി. രാജലക്ഷ്മി യോഗത്തിന് കൃതഞ്ജത അർപ്പിച്ചു. യോഗം 5.30ന് അവസാനിച്ചു.

## ദേവകി വാര്യർ സ്മാരക സാഹിത്യ പുരസ്കാരം 2020

2020 ലെ ദേവകി വാര്യർ സ്മാരക സാഹിത്യ അവാർഡിന് മേഘ രാധാകൃഷ്ണൻ (പാലക്കാട്) അർഹയായി. അഞ്ജലി രാജ് (ആലപ്പുഴ) അനുശ്രീ ചന്ദ്രൻ (തിരുവനന്തപുരം) എന്നിവർ പ്രോത്സാഹന സമ്മാനത്തിന് തെരഞ്ഞെടുക്കപ്പെട്ടു. മലയാള ടെലിവിഷനിലെ സ്ത്രീചിത്രീകരണം എന്ന വിഷയത്തിൽ നടത്തിയ പ്രബന്ധ മത്സരത്തിന്റെ അടിസ്ഥാനത്തിലാണ് വിജയികളെ കണ്ടെത്തിയത്. എൻ.പി. ചന്ദ്രശേഖരൻ (കൈരളി), ഗീതാനസീർ (വനിതാകലാസാഹിതി) ആർ. പാർവതി ദേവി എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് അവാർഡുനിർണ്ണയം നടത്തിയത്.

ജൂൺ 12ന് നടക്കേണ്ടിയിരുന്ന അവാർഡ് വിതണം കോവിഡിന്റെ പശ്ചാത്തലത്തിൽ  മാറ്റിവെക്കുകയാണ് ഉണ്ടായത്. പ്രസ്തുത അവാർഡ് വിതരണം 12-12-2021 ൽ ഹസ്സൻ മരയ്ക്കാർ ഹാളിൽ പത്മിനിവർക്കി സ്മാരക അവാർഡ് വിതരണ ചടങ്ങിൽ വെച്ച് നടന്നു. ബഹു. വിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അവാർഡ് വിതരണം ചെയ്തു.  അവാർഡ് ജേതാവായ മേഘാ രാധാകൃഷ്ണൻ തനിക്ക് ലഭിച്ച അവാർഡ് തുകയായ 10,000 രൂപ CMDRF ലേക്ക് സംഭാവന ചെയ്തു.

## ഓണാഘോഷം

കോവിഡിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷം അതിഥികളെ ഒഴിവാക്കിക്കൊണ്ടാണ് നടത്തിയത്. ഓണക്കോടി വാങ്ങാൻ എല്ലാ അന്തേവാസികൾക്കും  1000 രൂപ വീതം നല്കി. നല്ല ഓണസദ്യയും നൽകി.

## കോവിഡ്

ലോകത്തെ മുഴുവൻ ബാധിച്ച മഹാമാരിയായ കോവിഡ് നമ്മുടെ സ്ഥാപനത്തെയും വെറുതെവിട്ടില്ല.  കോവിഡ് പ്രോട്ടോകോൾ പാലിച്ച് ആർ.റ്റി.പി.സി.ആർ  ടെസ്റ്റ് നെഗറ്റീവ് റിസൾട്ടുമായി വരുന്നവർക്ക് മാത്രം പ്രവേശനം നല്കിയാണ് നമ്മുടെ രണ്ടു സ്ഥാപനങ്ങളും (ശ്രദ്ധയും വിശ്രമസങ്കേതവും) പ്രവർത്തിച്ചത്. ആർ.സി.സി.യിലും  കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നു. എന്നിട്ടും ശ്രദ്ധയിൽ എല്ലാവർക്കും കോവിഡ് പിടിപെട്ടു. 3 വയസ്സുള്ള ഒരു ചെറിയ കുട്ടിക്കാണ് ആദ്യംരോഗം വന്നത്.  പിറ്റെ ദിവസം തന്നെ എല്ലാവരെയും കോവിഡ് പരിശോധനക്ക് വിധേയരാക്കി. ഒരാൾ ഒഴിച്ച് എല്ലാവരും പോസിറ്റീവായിരുന്നു. കാൻസർ രോഗികൾ എന്ന പ്രത്യേക പരിഗണനം തരണമെന്ന് അഭ്യർത്ഥിച്ച് എല്ലാവരേയും വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.  ആശ്വാസമെന്ന് പറയട്ടെ എല്ലാവരുടെയും രോഗം ഭേദമായി. കെട്ടിടം മുഴുവൻ  ഡിവൈഎഫ്ഐ പ്രവർത്തകർ വന്ന് സാനിട്ടൈസ് ചെയ്തു. എന്നിട്ടും

രണ്ടു ദിവസം കഴിഞ്ഞപ്പോൾ നമ്മുടെ ജീവനക്കാർക്ക് രണ്ടു പേർക്ക് പനി തുടങ്ങി. ഡ്രൈവർ അവരെ കൊണ്ടുപോയി പരിശോധിച്ചപ്പോൾ രണ്ടുപേരും പോസിറ്റീവ്. അവർക്ക് രണ്ടാൾക്കും ഒട്ടും വയ്യാതിരുന്ന ദിവസങ്ങളിൽ പൊടിയരിക്കഞ്ഞിയും ചമ്മന്തിയും മറ്റും വിശ്രമ സങ്കേതത്തിൽ തയ്യാറാക്കി ഡ്രൈവർ വശം കൊടുത്തയച്ചു. മൂന്നാം ദിവസമായപ്പോഴേക്കും അവർ സ്വയം കഞ്ഞിവയ്ക്കാൻ തുടങ്ങി. അവർക്ക് വേണ്ട മരുന്ന്, ഭക്ഷണം, പഴങ്ങൾ മുതലായവ എത്തിച്ചുകൊടുക്കാൻ വിനീതും ബിൻഷാദും സദാ ജാഗരൂകരായിരുന്നു.

അയിഷക്കും മറ്റും പനി തുടങ്ങി രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് വർക്കിംഗ് വിമൻസ് അസോസിയേഷൻ ഹോസ്റ്റലിലെ അടുക്കളയിൽ പാചകം ചെയ്യുന്ന കുമാരി കോവിഡ് ബാധിതയായത്. ആശുപത്രിയിൽ നിന്ന് പോസിറ്റീവാണെന്ന റിസൽട്ടുമായി കുമാരിയെയും മകളേയും കെട്ടിടത്തിനുള്ളിലേക്ക് കയറ്റാൻ അവിടത്തെ ഇൻമേറ്റ്സ് വിസമ്മതിച്ചു. ഒരു മുറിപോലും അറ്റാച്ച്ഡ് ബാത്ത്റൂം ഉള്ളത് അവിടെ ഇല്ലാത്തതിനാൽ എന്തു ചെയ്യണമെന്ന് അറിയാതെ വാർഡൻ വല്ലാതെ വിഷമിച്ചു. എല്ലാ കമ്മിറ്റി അംഗങ്ങളുടെയും സമ്മതത്തോടെ അവരെ ശ്രദ്ധയിൽ താമസിക്കാൻ അനുവദിച്ച് ചികിത്സ നൽകി

## വെബ്സൈറ്റ്

സെക്രട്ടറി തയ്യാറാക്കി കൊടുക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാവർഷവും വെബ്സൈറ്റ് പുതുക്കുന്നുണ്ട്.

## ഉച്ചഭക്ഷണ വിതരണം

സർക്കാർ ലോക്ഡൗൺ പ്രഖ്യാപിക്കുകയും മെഡിക്കൽ കോളേജ് പരിസരത്ത് ഭക്ഷണവിതരണം നിരോധിക്കുകയും ചെയ്തതുകൊണ്ട് ഉച്ചഭക്ഷണ വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. ഇനി വീണ്ടും തുടങ്ങുന്നതിനെപറ്റി നാം തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. ഇതുവരെ ഭക്ഷണം തയ്യാറാക്കി തന്നിരുന്ന 'നന്മ' എന്ന കുടുംബശ്രീ യൂണിറ്റല്ല ഇപ്പോൾ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ കാന്റീൻ പ്രവർത്തിപ്പിക്കുന്നത്.

അതുകൊണ്ട് പുതിയ കുടുംബശ്രീ യൂണിറ്റ് കണ്ടെത്തേണ്ടിയിരിക്കുന്നു. ആഴ്ചതോറും കൊടുക്കേണ്ടിവരുന്ന തുകയെപ്പറ്റിയും പുതിയ ധാരണ ഉണ്ടാക്കേണ്ടതുണ്ട്.

## പത്മിനി വർക്കിയുടെ ചരമദിനം

ഡിസംബർ 12-ാം തീയതി 3.00 മണിക്ക് ചാലക്കുഴി റോഡിലുള്ള കെട്ടിടത്തിൽ വച്ച് കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് പത്മിനിവർക്കിയുടെ ഓർമ്മക്കായി ഏർപ്പെടുത്തിയ അവാർഡ് വിതരണം ചെയ്തത്. കേരള സംസ്ഥാനത്തിന്റെ എക്കാലത്തെയും മികച്ച ധനമന്ത്രിയായ ഡോ. ടി.എം. തോമസ് ഐസക് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡ് വിതരണം നടത്തുകയും ചെയ്തു. പത്മിനിവർക്കിയെ സ്വന്തം അമ്മയെപ്പോലെ കരുതിയിരുന്ന തോമസ് ഐസകിന്റെ പ്രഭാഷണം ഏറെ ഹൃദ്യമായിരുന്നു. അവാർഡ് തുകയായ 25000/- രൂപ ഉൾപ്പെടെ 30000/- രൂപ സംഭാവന ചെയ്തത് ഐസക്കിന്റെ അനുജനായ ആന്റണിയാണ്. പുരസ്കാര ജേതാവായ ജസ്സി ഇമ്മാനുവലിനെ ആർ. പാർവതി ദേവി സദസ്സിന് പരിചയപ്പെടുത്തി. ആലപ്പുഴയിൽ സ്നേഹജാലകം എന്ന സംഘടനയുടെ പ്രധാന പ്രവർത്തകയാണ് ജസ്സി ഇമ്മാനുവൽ. പാലിയേറ്റീവ് കെയർ രംഗത്ത് ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ജസ്സി കോവിഡ് വന്നതോടുകൂടി കമ്മ്യൂണിറ്റികിച്ചന്റെ ചുമതല കൂടി എറ്റെടുത്തു. ഇന്നും ആലപ്പുഴയിൽ ഒരാളും വിശന്നിരിക്കാൻ ഇടവരാത്തവണ്ണം സൗജന്യ ഉച്ചഭക്ഷണം ജസ്സിയുടെ നേതൃത്വത്തിൽ വിതരണം ചെയ്തുവരുന്നു. ഊണ് സൗജന്യം, സംഭാവന എത്ര ചെറിയ തുകയായാലും വലിയ തുകയായാലും കൊടുത്താൽ സ്വീകരിക്കും. തികയാത്ത തുക സംഭാവനയിലൂടെ കണ്ടെത്തും. സ്നേഹജാലകത്തിന്റെ പ്രസിഡന്റ് ഐ.റ്റി. വിദഗ്ധനായ ജോയി സെബാസ്റ്റ്യൻ ഈ പ്രവർത്തനത്തിൽ ഒപ്പം ഉണ്ട്.

ടി. രാധാമണി നിക്ഷേപിച്ച എൻഡോവ്മെന്റ് തുകയായ 2 ലക്ഷത്തിന്റെ പലിശയായി 23800 രൂപയും അംബികാദേവി നിക്ഷേപിച്ച ഒരു ലക്ഷത്തിന്റെ പലിശയായി 11200 രൂപയും ലഭി

ച്ചു. ഈ തുക ഉപയോഗിച്ച് അന്നേദിവസം നമ്മുടെ സ്ഥാപന ത്തിലുണ്ടായിരുന്ന 25രോഗികൾക്ക് 1400 രൂപ വീതം ചികിത്സാ സഹായമായി വിതരണം ചെയ്തു.

പ്രസിഡന്റ് അനസൂയ അദ്ധ്യക്ഷയായ യോഗത്തിൽ സെക്ര ട്ടറി ടി രാധാമണി സ്വാഗതവും സജിതാ ഇളമൺ നന്ദിയും പറ ഞ്ഞു. റൂബിൻ ഡിക്രൂസ്, ടി.എം. ആന്റണി, ആർ. പാർവതി ദേവി, മിനിസുകുമാരൻ, സജിതാ ഇളമൺ, സെക്രട്ടറി, പ്രസി ഡന്റ് എന്നിവരടങ്ങിയ അവാർഡ് കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിട്ടും പത്മിനി വർക്കിയുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ ധാരാളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. മുറ്റത്തും റോഡിലും നിന്നുകൊണ്ടാണ് പലരും പങ്കെടുത്തത്. ആർ.സി.സിയിൽ കുട്ടി കളായ രോഗികൾക്കുള്ള സൗജന്യ ചികിത്സ 3 മാസത്തിലേറെ യായി ലഭിക്കുന്നില്ല എന്ന് അവിടത്തെ അന്തേവാസികൾ ധന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഉടൻ തന്നെ കൃത്യമായ വിവ രങ്ങൾ അദ്ദേഹത്തെ അറിയിക്കാൻ സെക്രട്ടറിയെ ചുമതലപ്പെ ടുത്തി. അടുത്തദിവസം, തന്നെ സെക്രട്ടറി നിവേദനം തയ്യാ റാക്കി നൽകി. ഒരാഴ്ചക്കകം കുട്ടികൾക്കുള്ള സൗജന്യ ചികിത്സ പുന:സ്ഥാപിക്കാൻ വേണ്ട നടപടികൾ അദ്ദേഹം സ്വീകരിച്ചു. നമ്മുടെ എല്ലാവരുടെയും സ്നേഹം നിറഞ്ഞ നന്ദി അദ്ദേഹ ത്തേയും ഡോ. ഇക്ബാലിനെയും അറിയിക്കുകയും ചെയ്തു.

**നാലാഞ്ചിറ വാർഡിലെയും പട്ടം വാർഡിലെയും കൗൺസി ലർമാർക്ക് സ്വീകരണം**

27-01-2021 ൽ നാലാഞ്ചിറ വാർഡ് കൗൺസിലറായ ജോൺസൻ ജോസഫിനും പട്ടം വാർഡിലെ കൗൺസിലറും ഡെപ്യൂട്ടി മേയറും ആയ പി. കെ. രാജുവിനും നമ്മുടെ ഊഷ്മ ളമായ സ്വീകരണം നല്കി. ജോയിന്റ് സെക്രട്ടറി ഡോ. ആർ. ബി. രാജലക്ഷ്മി ജോൺസൺ ജോസഫിനെയും ട്രഷറർ വി. ശോഭന ഡപ്യൂട്ടി മേയർ പി.കെ. രാജുവിനെയും പൊന്നാട

അണിയിച്ച് ആദരിച്ചു. ദേവകി വാര്യർ - ഇടറാത്ത ഇച്ഛാശക്തി എന്ന പുസ്തകം രണ്ടുപേർക്കും നല്കി. കമ്മിറ്റി അംഗം ആർ. പാർവതി ദേവി ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. സജിതാ ഇളമൺ കൃതജ്ഞത പ്രകാശിപ്പിച്ചു.

**അനുസ്മരണം സുഗതകുമാരി, വിഷ്ണു നാരായണൻ നമ്പൂതിരി**

23-12-2020 ന് നമ്മെ വിട്ടുപിരിഞ്ഞ സുഗതകുമാരി ടീച്ചറിനെയും 25-02-2021 ഇഹലോകവാസം വെടിഞ്ഞ വിഷ്ണുനാരായണൻ നമ്പൂതിരിയുടെയും അനുസ്മരണം 25-03-2021ൽ നടത്തി. സുഗതകുമാരി ടീച്ചറിനെ അനുസ്മരിച്ചുകൊണ്ട് ലേഖാ നരേന്ദ്രനും വിഷ്ണുനാരായണൻ നമ്പൂതിരിയെ അനുസ്മരിച്ചുകൊണ്ട് ആർ. പാർവതി ദേവിയും സംസാരിച്ചു. ചർച്ചയിൽ പങ്കെടുത്ത് സ്നേഹലത സംസാരിച്ചു. കാൻസർ രോഗിയായി ഇവിടെ താമസിച്ചിരുന്ന സുധി സുഗതകുമാരിടീച്ചറിന്റെ കവിതകൾ മനോഹരമായി ആലപിച്ചു. ദേവകിവാര്യർ സ്മാരകത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് നമ്മെ അനുഗ്രഹിക്കുകയും അതിനുശേഷം മരണംവരെ ഉപദേശനിർദ്ദേശങ്ങൾ തന്ന് ഈ സ്ഥാപനത്തിന്റെ നടത്തിപ്പിൽ സഹായിക്കുകയും ചെയ്ത സുഗതകുമാരി ടീച്ചറിന്റെ ദേഹവിയോഗം നമുക്ക് തീരാനഷ്ടം തന്നെയാണ്.

**ശ്രദ്ധ**

ചാലക്കുഴി റോഡിലുള്ള കെട്ടിടത്തിലാണ് ശ്രദ്ധ പ്രവർത്തിച്ചുവരുന്നത്. കോവിഡ് കാലമായതുകൊണ്ട് ഒരു മുറിയിൽ ഒരു കുടുംബത്തിനു മാത്രമാണ് താമസസൗകര്യം നല്കിയിരുന്നത്. അവിടത്തെ ജീവനക്കാർ രോഗബാധിതരായിരുന്ന ഒരു മാസക്കാലം ആർക്കും തന്നെ പ്രവേശനം നല്കിയില്ല.

ഓരോ ദിവസവും സുമനസ്സുകൾ നല്കുന്ന സംഭാവന തുക കൊണ്ടാണ് അവിടെ ചെലവുകൾ നടക്കുന്നത്. വിവാഹം, വിവാഹ വാർഷികം, പിറന്നാൾ, ശ്രാദ്ധം മുതലായ ദിവസങ്ങ

ളിൽ സദ്യ നടത്തുന്നവരാണ് അധികവും. അല്ലാതെ സംഭാവന തരുന്നവരുമുണ്ട്. അരി, പച്ചക്കറി, തേങ്ങ, വിറക്, പഴം മുതലായി എന്തും സംഭാവനയായി നമ്മൾ സ്വീകരിക്കാറുണ്ട്. എൽ. ഐ.സി. ജീവനക്കാരുടെ സംഘടന പോലെ എല്ലാവർഷവും അംഗങ്ങളിൽ നിന്ന് പിരിവെടുത്ത് സംഭാവന തരുന്നവരുമുണ്ട്. ഐഷാരാജനും സരളയും മുഴുവൻ സമയവും രോഗികൾക്ക് വേണ്ട സേവനങ്ങൾ നല്കിക്കൊണ്ട് അവിടെ താമസിക്കുന്നു. അവിടെ ഉണ്ടായിരുന്ന ഇന്ദിരാമ്മ അവരുടെ മകന്റെ കുടുംബത്തോടൊപ്പം പോയി. സരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ സ്വാധാർഗ്രഹിലെ അന്തേവാസിയാണ്. ഇന്ദിരാമ്മ പോയപ്പോൾ പകരം ഇവടേക്ക് കൊണ്ടുവന്നതാണ്.

റിപ്പോർട്ട് കാലയളവിൽ കോവിഡ് കാലമായിട്ടും 680 ആർ. സി.സി. രോഗികൾക്കും 1420 കൂട്ടിരുപ്പുകാർക്കും 17 ശ്രീചിത്ര, രോഗികൾക്ക് 17 കൂട്ടിരിപ്പുകാർക്കും മെഡിക്കൽകോളേജ് കാൻസർ വാർഡിലെ ഒരു രോഗിക്കും ഒരു കൂട്ടിരിപ്പുകകാർക്കും ഇവിടെ താമസവും ഭക്ഷണവും നല്കി. ആകെ താമസിച്ചവർ 2136.

## ട്രിഡ വിശ്രമസങ്കേതം

2008 മുതൽ ട്രിഡയുടെ ഉടമസ്ഥതയിലുള്ള വിശ്രമ സങ്കേതം എന്ന കെട്ടിടം വാടകക്ക് എടുത്ത് രോഗികൾക്ക് താമസവും ഭക്ഷണവും ലഭ്യമാക്കിവരുന്നു. ട്രിഡക്ക് നല്കാനുള്ള പ്രതിമാസ വാടകയിനത്തിൽ 30000 രൂപ സാന്ത്വനം കുവൈറ്റ് എന്ന സംഘടന സംഭാവനയായി നല്കിവരുന്നു. കഴിഞ്ഞവർഷം ലോക്ക്ഡൗൺ പ്രഖ്യാപിച്ച 3 മാസം ട്രിഡാ നമുക്ക് നമ്മുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാടകയിളവ് നല്കുകയുണ്ടായി. റിപ്പോർട്ട് കാലയളവിൽ ആർ.സി.സിയിലെ 523 രോഗികൾക്കും 1189 കൂട്ടിരിപ്പുകാർക്കും ശ്രീചിത്രായിലെ 117 രോഗികൾക്കും 291 കൂട്ടിരിപ്പുകാർക്കും (ആകെ 2122 പേർക്ക്) ഇവിടെ താമസവും ഭക്ഷണവും നല്കി. ലില (ഹൗസ്കീപ്പർ) രാധയും അർച്ചനയും (ഭക്ഷണം പാകം ചെയ്യലും വൃത്തിയാക്കലും)

ബിൻഷാദ് (ഡ്രൈവർ), വിനോദ് എന്നിവർ ട്രിഡായിലെ കാര്യങ്ങൾ നോക്കി നടത്തി രോഗികളെ സഹായിക്കുന്നു.

## ആംബുലൻസ് - ഈക്കോ

രണ്ടു വാഹനങ്ങളാണ് ഇപ്പോൾ സംഘടന ഉപയോഗിക്കുന്നത്. 2010 ൽ എസ്.ബി.റ്റി സംഭാവനയായി തന്ന ആംബുലൻസും ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് മന്ത്രി ടി.പി. രാമകൃഷ്ണൻ കഴിഞ്ഞവർഷം സംഭാവന ചെയ്ത ഈക്കോയും. ആംബുലൻസ് വളരെ പഴയതായതുകൊണ്ട് ഈയിടെയായി അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക ചിലവാക്കേണ്ടിവരുന്നുണ്ട്. വർഷം തോറും ടെസ്റ്റിന് കൊണ്ടുപോകേണ്ടതുകൊണ്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചാണ് ആംബുലൻസ് ഓടിക്കുന്നത്. കാൻസർരോഗികളുടെ സൗജന്യ യാത്രയ്ക്ക് ഉപയോഗിക്കുന്ന വാഹനമായതുകൊണ്ട് ആംബുലൻസിന് ടാക്സ്, ക്ഷേമനിധി ഇവ അടക്കുന്നതിൽ നിന്ന് സർക്കാർ ഒഴിവാക്കിത്തന്നിട്ടുണ്ട്.

## ജീവനക്കാരുടെ സേവനം കരാറടിസ്ഥാനത്തിലാക്കി

ട്രിഡയിലെ ജീവനക്കാർക്കിടയിൽ ഡ്യൂട്ടി സംബന്ധിച്ച ചില അഭിപ്രായ വിത്യാസങ്ങൾ ഉണ്ടായപ്പോൾ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ നൽകാൻ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത ശേഷം ജീവനക്കാരുമായി ഒരു കരാർ ഉണ്ടാക്കുന്നതിനായി തീരുമാനമെടുക്കുകയും ചെയ്തു. 2021 മാർച്ച് മാസത്തിൽ എല്ലാ ജീവനക്കാരുടെ നിയമനവും കരാറടിസ്ഥാനത്തിലാക്കി. സേവന വേതന വ്യവസ്ഥകളെപ്പറ്റി വ്യക്തത വരുത്തിയ കരാർ നടപ്പിലാക്കിയതോടെ സ്ഥാപനങ്ങളുടെ നടത്തിപ്പ് സുഗമമായി. 2022 ഫെബ്രുവരിയിൽ കരാറുകൾ പുതുക്കേണ്ടതുണ്ട്.

## ശ്രദ്ധ- വാർത്താപത്രിക

കോവിഡി സാഹചര്യത്തിൽ വാർത്ത പത്രികയുടെ പ്രസിദ്ധീകരണം റിപ്പോർട്ട് വർഷത്തിൽ മുടങ്ങിയിരിക്കുകയാണ്. സാമ്പത്തിക പരിമിതിയും കാരണമാണ്.

## ദേവകി വാര്യരുടെ ചരമദിനം

ഡിസംബർ 25ന് ശ്രദ്ധയിൽ വച്ച് ദേവകി വാര്യരുടെ 19-ാം ചരമദിനം സമുചിതമായി ആചരിച്ചു.

## സ്നേഹസാന്ത്വനം - വൃദ്ധസദനം

2016ൽ ആരംഭിച്ച സ്നേഹസാന്ത്വനം എന്ന വൃദ്ധസദനം നല്ല രീതിയിൽ നടക്കുന്നു. ഇപ്പോൾ 7 പേരാണ് അവിടെ താമസിക്കുന്നത്. മൂന്ന് ജീവനക്കാർ ഉണ്ട്.

## കൗൺസലിംഗ്

നമ്മുടെ കമ്മിറ്റി അംഗം കൂടിയായിട്ടുള്ള മിനിപ്രകാശ് രോഗികൾക്കും കൂടെ വന്നവർക്കും മാനസിക സമ്മർദ്ദം കുറക്കാൻ കൗൺസിലിംഗ് നല്കിവരുന്നു.

## ദേവകി വാര്യർ സ്മാരക ഗ്രന്ഥശാല

2006 ലാണ് ദേവകി വാര്യർ സ്മാരക ലൈബ്രറി പ്രവർത്തനം ആരംഭിച്ചത്. ദേവകി വാര്യർ സ്മാര സ്ത്രീ ശാക്തീകരണ പഠന കേന്ദ്രത്തിന്റെ കീഴിലാണ് ഈ വായനശാല പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയും ശാക്തീകരണത്തിനു വേണ്ടിയും ഉള്ള പ്രവർത്തനങ്ങളാണ് ഇവിടെ ഏറ്റെടുത്ത് നടത്തുന്നത്. സ്ത്രീകളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ സംഘടിപ്പിക്കുക, വായനശീലം വളർത്തുക, പൊതു പരിപാടികൾ, സെമിനാറുകൾ, ക്ലാസുകൾ മുതലായവയും ഇവിടെ നടക്കുന്നു. തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ വനിതാ ലൈബ്രറിയാണ്. ലൈബ്രറി കൗൺസിലിന്റെ നിർദ്ദേശ പ്രകാരം ഗുരുസംഗമം (പകൽവീട്) കാൻസർ രോഗികൾക്കു വേണ്ടിയുള്ള സാന്ത്വന പ്രവർത്തനങ്ങൾ എന്നിവ നടത്തി

വരുന്നു. ആദ്യകാലത്ത് ഡോ. എം.പി. പരമേശ്വരൻ, കെ.കെ. കൃഷ്ണകുമാർ, ഒ.എൻ.വി കുറുപ്പ്, സുഗതകുമാരി, പി. ഗോവിന്ദപിള്ള തുടങ്ങി പ്രശസ്തരായവരും സാധാരണക്കാരും തന്ന പുസ്തകങ്ങൾ കൊണ്ട് തുടങ്ങിയ ലൈബ്രറി ഇന്ന് 10000 ലധികം പുസ്തകങ്ങളോടെ എ. ഗ്രേഡ് ലൈബ്രറി ആയി തുടരുന്നു. എം. എൻ ശാരദാമ്മ പ്രസിഡന്റും സജിത ഇളമൺ സെക്രട്ടറിയുമായ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ഉപസംഹാരം

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നത് ഉദാരമതികൾ തരുന്ന സംഭാവനകൊണ്ടാണ്. റിപ്പോർട്ട് കാലയളവിൽ 1584000/- രൂപയാണ് സംഭാവനയായി ലഭിച്ചത്. കഴിഞ്ഞ വർഷം 19 ലക്ഷം ലഭിച്ചിരുന്നു. വമ്പിച്ച കുറവാണ് സംഭാവനയിൽ വന്നിരിക്കുന്നത്. കോവിഡ് നമ്മുടെ സംഘടനയെ ഇക്കാര്യത്തിലും പ്രതികൂലമായി സാധിച്ചിരിക്കുന്നു. സാന്ത്വനം കുവൈറ്റിന്റെ സംഭാവന തുടർന്നു ലഭിക്കുന്നുണ്ട്. ട്രിഡാക്ക് അടച്ച വാടകയിനത്തിൽ മൂന്നുലക്ഷം അവർ അയച്ചുതന്നിട്ടുണ്ട്. കൂടുതൽ സംഭാവന ലഭിച്ചാൽ മാത്രമെ ഉച്ചഭക്ഷണവിതരണവും മറ്റും പുനരാരംഭിക്കുന്നതിനെപ്പറ്റി നമ്മൾക്ക് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

സംഘടനയുടെ പ്രവർത്തനങ്ങളിൽ ഒപ്പം നിന്ന എല്ലാവർക്കും പ്രത്യേകിച്ച് സംഭാവന നല്കിയ സുമനസ്സുകൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അകൈതവമായ നന്ദി അറിയിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ. വേണ്ട ഉപദേശ നിർദ്ദേശങ്ങൾ തന്ന് ഈ റിപ്പോർട്ടിനെ പരിപോഷിപ്പിക്കണമെന്ന അഭ്യർത്ഥനയോടെ ജനറൽബോഡി മുമ്പാകെ സമർപ്പിക്കുന്നു.

*സെക്രട്ടറി*

## KIRAN & ASSOCIATES

Chartered Accountants

## INDEPENDENT AUDOITORS REPORT

UDIN: 21223505AAAAEB6717

We have audited the attached Balance Sheet of DEVAKI WARRIER MEMORIAL WOMENS STUDIES AND EMPOWERMENT CENTER, Reg. No. T-2557/2002, Chalakuzhi Road, Pattom, Thiruvananthapuram as at 31st March, 2021, the Income and Expenditure Account for the year ended on that date annexed thereto. These financial statements are the responsibility of the Association. Our responsibility is to express and opinion on these financial statements based on our audit.

We conducted our audit in accordance with auditing standards generally accepted in India. Those standards require that we planned and performed the audit to obtain reasonable assurance about whether the financial statements are free of material misstatement. An audit includes examining, on a test basis , evidence supporting the amount and disclosures in the financial statements. An audit also includes assessing the accounting principles used and significan estimates made by management, as well as evaluating the overall financial statement pressentation. We believe that our audit provides a reasonable basis for our opinion and we report that;

In our opinion, proper books of account have been kept by the Association so far as appears from our examination of those books.

The Balance Sheet and Income and Expenditure Account dealt with by this report are in agreement with the books of account

In our opinion and to the best of our information and according to the explanations given to us, the said accounts give a true and fair view in conformity with the accounging principles generally accepted in India :

In the case of the Balance Sheet, of the state of affairs of the Association, as at 31st March 2021 and:

In the case of Income and Expenditure account, of the excess of income over expenditure for the period ended on that date.

Place: Trivandrum

Date: 25/11/2021

For KIRAN & ASSOCIATES
CHARTERED ACCOUNTANTS
FRN :012911S
Sd/-
Kiran B. FCA, MNo. 223505

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## RECEIPTS AND PAYMENTS FOR THE PERIOD FROM 01-04-2020 TO 31-03-2021

| RECEIPTS | AMOUNT | AMOUNT | PAYMENTS | AMOUNT | AMOUNT |
|---|---|---|---|---|---|
| **Opening Balance** | | | **Indirect Expenses** | | |
| Bank Accounts | | | Cable Charges | 7,650.00 | |
| Kerala State Cooperative bank | 27,505.00 | | Audit Fees | 53,550.00 | |
| 3123, SBI A/C 9425 | 4,18,092.67 | | Bank Charges | 25.00 | |
| Cash in hand | 22,862.75 | 4,68,460.42 | Birthday Celebration | | |
| | | | Devaki Warrier | 67,950.00 | |
| **Income Received** | | | Cleaning Charges | 3,650.00 | |
| Bank interest | 20.072.00 | | Coolie | 17,000.00 | |
| FD Interes | 6,926.00 | | Digital Signature | 3,000.00 | |
| Donation | 15,84,335.00 | 16,11,833.00 | Electricity Charges | 50,588.00 | |
| TDS refund FY18-19(SBI) | 1,395.00 | | Imprest to Sneha Santhwanam | 30,000.00 | |
| TDS refund FY 18-19 | | | Imprest to Trida | | |
| The Kerala State Co- | | | Visramsanketham | 3,00,000.00 | |
| | | | Medical Expense | 2,720.00 | |
| | | | Mess Expense | 2,38,653.00 | |
| | | | Postage & Telegram | 1,881.00 | |
| | | | Printing & Stationary | 13,289.00 | |

| RECEIPTS | AMOUNT | AMOUNT | PAYMENTS | AMOUNT | AMOUNT |
|---|---|---|---|---|---|
| | | | Rent Trida | 3,57,000.00 | |
| Operative Bank Ltd) | 1,512.00 | | Repairs & Maintenance | 1,75,868.00 | |
| Interest on TDS | 33.00 | 2,940.00 | Salaries & Allowances | 2,43,000.00 | |
| | | | Travelling Expenses | 2,850.00 | |
| | | | Telephone Charges | 5,562.00 | |
| | | | Water Charges | 61,038.00 | |
| | | | Website Developmet Charges | 3,245.00 | |
| | | | Service Charge | 5,370.00 | 16,43,889.00 |
| | | | Fixed Deposit | | 1,00,000.00 |
| | | | Fixed Assets | | |
| | | | Maruti | 25,000.00 | |
| | | | Fan | 966.00 | 25,966.00 |
| | | | **Closing Balance** | | |
| | | | Cash in Hands | | 20,248.79 |
| | | | Cash at Bank | | |
| | | | Kerala State Cooperative Bank | 9,430.00 | |
| | | | SBI A/C 9425 | 2,83,199.67 | 2,92,629.6 |
| | | **20,82,733.4** | | | **20,82,733.4** |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505

Plaec: Thiruvananthapuram
Date: 25-11-2021

*(Seal)*

## DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31-03-2021

| EXPENDITURE | AMOUNT | INCOME | AMOUNT | AMOUNT |
|---|---|---|---|---|
| **Indirect Expenses** | | **Income Received** | | |
| Cable Charges | 7,650.00 | Bank interest | | 20,072.00 |
| Audit Fees | 53,550.00 | FD Interest | 6,926.00 | |
| Bank Charges | 25.00 | FD Interest - | | |
| Birthday Celebration | | SBI FD 67144950803 | 11,594.00 | 18,520.00 |
| Devaki Warrier | 67,950.00 | Interest on TDS FY 18-19 | | 33.00 |
| Cleaning Charges | 3,650.00 | Donation | 15,84,335.00 | |
| Coolie | 17,000.00 | ESR Scheme Fund from | | |
| Digital Signature | 3,000.00 | Kerala State Beverages | | |
| Electricity Charges | 50,588.00 | Corporaton Ltd. | 4,42,526.00 | |
| Imprest to Sneha Santhwanam | 30,000.00 | | 20,26,861.00 | |
| Imprest to Trida | 3,00,000.00 | | | |
| Visramsanketham | | | | |
| Medical Expense | 2,720.00 | | | |

| EXPENDITURE | AMOUNT | INCOME | AMOUNT | AMOUNT |
|---|---|---|---|---|
| Mess Expense | 2,38,653.00 | Less Cost of Vehicles (Ambulance) purchased out of CSR & Donation | 4,67,526.00 | 15,59,335.00 |
| Postage & Telegram | 1,881.00 | Escess of Expenditure\| Over Income | | 60,728.72 |
| Printing & Stationary | 13,289.00 | | | |
| Rent Trida | 3,57,000.00 | | | |
| Repairs & Maintenance | 1,72,002.00 | | | |
| Salaries & Allowances | 2,43,000.00 | | | |
| Travelling Expenses | 2,850.00 | | | |
| Telephone Charges | 5,562.00 | | | |
| Water charges | 61,038.00 | | | |
| Website Developmet Charges | 3,245.00 | | | |
| Service Charge | 5,370.00 | | | |
| Depreciation | 18,665.72 | | | |
| **Total** | **16,58,688.72** | | | **16,58,688.72** |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505

Plaec: Thiruvananthapuram
Date: 25-11-2021

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002, CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## BALANCE SHEET AS ON 31-03-2021

| LIABILITIES | AMOUNT | AMOUNT | ASSETS | AMOUNT | AMOUNT |
|---|---|---|---|---|---|
| General Fund | | | Fixed Assets as per Schedule | | 1,57,226.93 |
| as per last BS | 13,70,705.59 | | Current Assets: | | |
| Add Previous Years FD interest | | | Advance for Repairs & Maintance to Roy | 3,866.00 | |
| receivable As per SBI FD Receipt | | | Advance to Library | | |
| : 67144950803 (PY 19-20) | 36,355.00 | | (as per last balancesheet) | 23,647.00 | |
| | 14,07,060,59 | | Building Advance to Trida | 3,01,824.00 | |
| Add :Previous Years FD interest | | | KSEB Deposit | 279.00 | 3,29,616.00 |
| receivable As per SBI FD Receipt | | | Fixed Deposit (As per last Balancesheet) | | |
| : 67101974370 (PY 19-20) | 81,353.00 | | KSCB Endowment Fixed Deposit | | |
| | 14,88,413.59 | | KSCB FD: 001182313003664 | 2,00,000.00 | |
| Less 18-19 interest recievable | | | KSCB FD: 001182313004034 | 1,00,000.00 | |
| adjustment | 5,715.97 | | (As per last balancesheet) | 3,00,000.00 | |
| | 14,82697.62 | | Add: Current Year Deposit | | |
| Less : Written off Bio -Gas plant | 23,946.55 | | KSCB FD: 001182313004399 | 1,00,000.00 | 4,00,000.00 |
| | 14,58,751.07 | | SBI Fixed Deposit, | | |
| Less : Excess of Expenditure | | | SBI FD: 67101974370 | 75,000.00 | |
| Over income | 60,728.72 | | Add: Interest amount transferred to FD | | |
| | 13,98,022.35 | | @ the time of renewal | 81,353.00 | 1,56,353.00 |

| LIABILITIES | AMOUNT | AMOUNT | ASSETS | AMOUNT | AMOUNT |
|---|---|---|---|---|---|
| Add: Value of vehicle (Ambulance) | | | SBI FD: 67144950803 | 44,000.00 | |
| purchased out of Special fund | 1.00 | 13,98,023.35 | Add: Interest amount transferred to | | |
| Advance From TRIDA Visrama Sanketh | | 50,000.00 | FD @ the time of renewal upto 31.03.2020 | 36,355.00 | |
| | | | Add: Interest amount transferred to FD @ | | |
| | | | the time of renewal upto 31.03.2021 | 11,594.00 | 91,949.00 |
| | | | Closing Balance: | | |
| | | | Cash in hand | | 20,248.75 |
| | | | Cash At Bank : | | |
| | | | Kerala State Cooperative Bank | 9,430.00 | |
| | | | SBI A/C 9425 | 2,83,199.67 | 2,92,629.67 |
| | | 14,48,023.35 | | | 14,48,023.35 |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505

Plaec: Thiruvananthapuram
Date: 25-11-2021

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

**REG. NO. T 2557/2002**

CHALAKKUZHI ROAD, PATTOM P P.O., TRIVANDRUM

## FIXED ASSET SCHEDULE

| FIXED ASSETS | RATE | OPENING W.D.VON 04-2020 | ADDITIONS | | WRITE OFF | TOTAL | DEPRICIATION | CLOSING W.D.VON 31-03-2021 |
|---|---|---|---|---|---|---|---|---|
| | | | More than 180 Days | Less than 180 Days | | | | |
| Furniture | 10.00% | 50,196.26 | - | - | | 50,190.26 | 5,019.02 | 45,171.25 |
| Mixi, Fan & Radio | 15.00% | 2,901.27 | - | 966.00 | | 3,867.27 | 507.64 | 3,359.63 |
| Books | 15.00% | 4,053.38 | - | - | | 4,053.38 | 608.01 | 3,445.37 |
| Cooker | 15.00% | 688.00 | - | - | | 688.00 | 103.20 | 584.80 |
| Electrical Fittings | 10.00% | 4,763.36 | - | - | | 4,763.36 | 476.34 | 4,287.02 |
| Biogas Plant | 15.00% | 23,946.57 | - | - | 23,946.57 | (0.00) | - | (0.00) |
| Miscellaneous Assets | 10.00% | 91,676.12 | - | - | | 91,676.12 | 9,167.61 | 82,508.51 |
| Water Tank | 10.00% | 6,281.57 | - | - | | 6,281.57 | 628.61 | 5,653.41 |
| Gas Stove | 15.00% | 1,665.51 | - | - | | 1,665.51 | 249.83 | 1,415.68 |
| Vessels | 15.00% | 2,182.04 | - | - | | 2,182.04 | 327.31 | 1,854.73 |
| Refrigerator | 15.00% | 9,657.12 | - | - | | 9,657.12 | 1,448.57 | 8,208.55 |
| Weighing Machine | 15.00% | 867.00 | - | - | | 867.00 | 130.05 | 736.95 |
| Vehicle (Maruti Ambulance) Purchased from CSR fund and Donation | | | 4,67,526.00 | | 4,67,525.00 | 1.00 | - | 1.00 |
| **Total** | | **1,98,872.20** | **4,67,526.00** | **966.00** | | **1,75,892.63** | **18,665.72** | **1,57,226.93** |

Maria Print Magic # 0471-2323290